**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4639** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ വാട്ടർ ടാങ്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആര്യാട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ മുനിസിപ്പാലിറ്റിക്കും, ആര്യാട് , മണ്ണഞ്ചേരി, മാരാരിക്കുളംതെക്ക് പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 25/06/2019-ൽ 211.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ ആര്യാട് പഞ്ചായത്തിന് വേണ്ടി വ്യാസപുരത്ത് 9 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയും, മണ്ണഞ്ചേരി പഞ്ചായത്തിന് വേണ്ടി കലവൂരിൽ 12 ലക്ഷം ശേഷിയുള്ള ജലസംഭരണിയും, അനുബന്ധ പമ്പിങ് ലൈനുകളും, ജലവിതരണ ശൃംഖലയുമാണ് വിഭാവനം ചെയ്തിട്ടുള്ളത് . ഇതിൽ ആര്യാട് പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജലസംഭരണിക്ക് കോമളപുരം വില്ലേജിൽ സർവ്വേ നം 110/11 -ൽ ഉൾപ്പെട്ട പട്ടിക വർഗ വകുപ്പിന്റെ അധീനതയിലുള്ള 13 സെന്റ് സ്ഥലമാണ് , 08/05/2019 - ലെ ആര്യാട് പഞ്ചായത്തിന്റെ തീരുമാന പ്രകാരം തിരഞ്ഞെടുത്തിട്ടുള്ളത് . പ്രസ്തുത സ്ഥലം വിട്ടു നൽകാൻ പട്ടിക വർഗ്ഗ വികസന വകുപ്പ് തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ ടി വിഷയം ജില്ലാ കളക്ടറുടെയും, ആലപ്പുഴ MLA-യുടെയും ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട് . സ്ഥലം ലഭ്യമായാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (ബി) | കലവൂരിൽ വാട്ടർ ടാങ്ക് നിർമ്മാണം തടസ്സപ്പെട്ടത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് . മണ്ണഞ്ചേരി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജലസംഭരണിക്കു കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിനു സമീപം സർവ്വേ നം 68/10-ൽ ഉൾപ്പെട്ട ഹൗസിങ് ബോർഡിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലമാണ് , 07/05/2019 - ലെ മണ്ണഞ്ചേരി പഞ്ചായത്തിന്റെ തീരുമാനപ്രകാരം തിരഞ്ഞെടുത്തിട്ടുള്ളത് . എന്നാൽ സ്ഥലം വിട്ടു നൽകാൻ ഹൗസിങ് ബോർഡിനോട് അഭ്യർത്ഥിച്ചെങ്കിലും, ടി സ്ഥലം ഉൾപ്പെടെയുള്ള 6.76 |

| | | | |
|---|---|---|---|
| | | | ഏക്കർ ഭൂമി ആലപ്പുഴ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനായി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിരിക്കുന്നതിനാൽ സ്ഥലം വിട്ടുനൽകുന്നതിന് ഉന്നത തലത്തിലുള്ള നിർദ്ദേശത്തിനു വിധേയമായി മാത്രമേ സാധിക്കുകയുള്ളു എന്നാണ് ഹൗസിങ് ബോർഡ് അറിയിച്ചിട്ടുള്ളത് . സ്ഥലം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിച്ചിട്ടില്ല. |
| (സി) | ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 11/10/2021-ൽ ആലപ്പുഴ MLA യുടെ സാന്നിധ്യത്തിൽ കിഫ്ബി അധികൃതരുമായി കൂടിയ അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും, മേൽ സൂചിപ്പിച്ച രണ്ട് സ്ഥലങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ അതാതു വകുപ്പ് മന്ത്രിമാരെ കൂടി ഉൾപ്പെടുത്തി ചർച്ചയിലൂടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ